# സൂക്ഷിക്കുക: അണുവികിരണം നടത്തുന്ന വാച്ചുകൾ പ്രചാരത്തിൽ

ഹോങ്കോങ്ങിലെ 'സിൽക്ക് ടൈം' കമ്പനി 'ട്രോഫി' എന്ന പേരിൽ വിപണിയിലിറക്കിയ വാച്ചുകളിൽ 'കോബാൾട്ട്-60' എന്ന റേഡിയോ ആക്ടീവ് മൂലകം അടങ്ങിയിരിക്കുന്നതായി കണ്ടെത്തിയിരിക്കുന്നു.

ഈ വാച്ചുകളുടെ ലോഹം കൊണ്ടുള്ള സ്ട്രാപ്പിലെ കണ്ണികൾ തമ്മിൽ ബന്ധിപ്പിച്ചുനിർത്താനുപയോഗിച്ചിരിക്കുന്ന ആണികളിന്മേലാണ് റേഡിയോ ആക്ടീവ് മൂലകം കലർന്നതായി കണ്ടെത്തിയിരിക്കുന്നത്.

ഇതേത്തുടർന്ന് ഫ്രാൻസിൽ ഈ വാച്ചുകളുടെ വിൽപ്പന അടിയന്തിരമായി നിരോധിക്കുകയും വിറ്റ വാച്ചുകൾ തിരികെ വാങ്ങിക്കാൻ കമ്പനിക്ക് നിർദ്ദേശം നൽകുകയുമുണ്ടായി.

ഇന്ത്യയിലും ഈ വാച്ചുകൾ ചെറിയ തോതിൽ പ്രചരിച്ചുവരുന്നുണ്ട്. ഇന്ത്യയിൽ ഇത്തരം വാച്ച് വാങ്ങിയ ആരെങ്കിലുമുണ്ടെങ്കിൽ ബാബാ അറ്റോമിക് റിസർച്ച് സെൻററിലെ റേഡിയോളജിക്കൽ പ്രൊട്ടക്ഷൻ ആൻറ് അഡ്വൈസറി ഡിവിഷൻെറ തലവനുമായി വൈകാതെ ബന്ധപ്പെടണമെന്ന് ആറ്റമിക് എനർജി റഗുലേറ്ററി ബോർഡിൻെറ സെക്രട്ടറിയായ ഡോ. കെ.എസ്. പാർത്ഥസാരഥി അറിയിച്ചിരിക്കുന്നു.